**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3917** **28-06-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട്അപ്പ് മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ വർഷത്തെ ദേശീയ സ്റ്റാർട്ട്അപ്പ് റാങ്കിംഗിൽ ബെസ്റ്റ് പെർഫോർമറായി ഉയരുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ കേരളത്തിന് ബെസ്റ്റ് പെർഫോർമറായി ഉയരുവാൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റാർട്ടപ്പ് മേഖലയ്ക്കായി സർക്കാർ രൂപീകരിച്ച നയങ്ങളും സ്റ്റാർട്ടപ്പ് മിഷന്റെ മികച്ച പ്രവർത്തനങ്ങളുമാണ് പ്രസ്തുത നേട്ടം കൈവരിക്കാൻ സഹായിച്ച പ്രധാന ഘടകം. |
| (ബി) | സംസ്ഥാനത്തെ സ്റ്റാർട്ട്അപ്പ് ആവാസ വ്യവസ്ഥയുടെ ആകെ മൂല്യം എത്രയാണ്; സ്റ്റാർട്ട്അപ്പ് മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) | സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ അവലോകനം ചെയ്യുന്ന ആഗോള ഏജൻസിയായ സ്റ്റാർട്ടപ്പ് ജിനോമിന്റെ റിപ്പോർട്ട് പ്രകാരം സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുടെ മൂല്യം 14181.47 കോടി രൂപയാണ്. സ്റ്റാർട്ടപ്പ് മേഖല കൈവരിച്ച പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. സ്റ്റാർട്ടപ്പുകളുടെ എണ്ണം 5493 ആയി<br>2. ഇൻക്യുബേറ്ററുകളുടെ എണ്ണം 60 ആയി<br>3. തൊഴിലവസരങ്ങൾ 55000<br>4. ലഭ്യമായ നിക്ഷേപം 5500 കോടി<br>5. സ്റ്റാർട്ടപ്പ് റാങ്കിംഗിൽ ബെസ്റ്റ് പെർഫോർമർ<br>6. ഇൻക്യുബേഷനുള്ള അടിസ്ഥാന സൗകര്യം 6 ലക്ഷം ചതുരശ്ര അടി |
| (സി) | എൻ.ആർ.ഐ.കൾക്ക് സംസ്ഥാനത്ത് സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുവാൻ സഹായകമായി സ്റ്റാർട്ട്അപ്പ് ഇൻഫിനിറ്റി രൂപീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ? | (സി) | വിദേശ ഇന്ത്യക്കാർക്ക് സംസ്ഥാനത്തും പുറത്തും സംരംഭം ആരംഭിക്കാൻ സഹായിക്കുക, വിദേശ വിപണി കേരള സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാകുന്നതിനുള്ള ലോഞ്ച് പാഡായി പ്രവർത്തിക്കുക, ഉയർന്ന ശേഷിയുള്ള വിദേശ നിക്ഷേപകരിൽ നിന്നും സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള ആദ്യ സെന്റർ ദുബായിൽ പ്രവർത്തിച്ച വരുന്നു. 15 ഓളം |

| | | | |
|---|---|---|---|
| | | | സ്റ്റാർട്ടപ്പുകൾ നിലവിൽ സെന്റർ ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ